ജനക്കൂട്ടത്തെ നിയന്ത്രിക്കാനായി പ്രത്യേക പോലീസ് സേന

121 (7684) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി പ്രത്യേക പോലീസ് സേനയ്ക്ക് രൂപം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിന് മാത്രമായി ഒരു പ്രത്യേക സേനയ്ക്ക് രൂപം നൽകിയിട്ടില്ല. പരിശീലനം സിദ്ധിച്ച എല്ലാ പോലീസു ദ്യോഗസ്ഥരെയും അത്യാവശ്യഘട്ടങ്ങളിൽ ക്രമസമാധാനപാലനത്തിന്റെ ഭാഗമായി ജനക്കൂട്ടത്തെ നിയന്ത്രിക്കുന്നതിനായി വിനിയോഗിച്ചുവരുന്നു.

(ബി-ഡി) ഉത്തരം എ-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

എൻ.ജി.ഒ. സംഘടനകൾ

122 (7685) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൻ.ജി.ഒ. സംഘടനകൾ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നതായി കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ കണ്ടെത്തിയ ഏതെങ്കിലും സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(സി) ഗ്രീൻപീസ് എന്ന അന്താരാഷ്ട്ര സംഘടനയുമായി ബന്ധമുള്ള എൻ.ജി.ഒ. സംഘടനകൾ ഏതെല്ലാമാണ് ;

(ഡി) ഗ്രീൻപീസും എൻ.ജി.ഒ.-കളും ചേർന്ന് പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്കും വൻകിട വ്യവസായ സ്ഥാപനങ്ങൾക്കുമെതിരെ സ്ഥാപിത താൽപ്പര്യങ്ങൾക്കായി നടത്തുന്നതായി പറയപ്പെടുന്ന ദേശദ്രോഹ നീക്കങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എൻ.ജി.ഒ. സംഘടനകളുടെ പ്രവർത്തനങ്ങൾ ചില സന്ദർഭങ്ങളിൽ വിലയിരുത്താറുണ്ട്.

(ബി) എൻ.ജി.ഒ. സംഘടനകളുടെ രാജ്യദ്രോഹ പ്രവർത്തനം സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോയുടെ റിപ്പോർട്ട് ഒന്നുംതന്നെ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ല.

(സി) സുരക്ഷാ കാരണങ്ങളാൽ ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുന്നത് അഭികാമ്യമല്ല.

(ഡി) രാജ്യദ്രോഹ നീക്കങ്ങൾ ആരുടെ ഭാഗത്തുനിന്ന് ഉണ്ടായാലും കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.

ഐ.എ.എസ്.-കാർക്കിടയിലെ പരാതികൾ

123 (7686) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭരണനിർവ്വഹണത്തിന്റെ ചുക്കാൻപിടിക്കുന്ന ഐ.എ.എസ്.-കാർക്കിടയിലെ പ്രശ്നങ്ങളും പരാതികളും പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) എട്ട് ഐ.എ.എസു-കാർ ഐ.എ.എസ്. അസ്സോസിയേഷന് നൽകിയ പരാതികൾ മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ടോ ; എങ്കിൽ അവ ഓരോന്നിന്മേലും കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ ;

(സി) പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ആസൂത്രണബോർഡ് ഉപാദ്ധ്യക്ഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; പ്രസ്തുത നടപടി ഐ.എ.എസ്. അസ്സോസിയേഷൻ അംഗീകരിച്ചിട്ടുണ്ടോ ;

(ഡി) ഐ.എ.എസ്. അസ്സോസിയേഷൻ പരാതി നൽകിയ ആർക്കെങ്കിലുമെതിരെ അന്വേഷണം നടത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ടോ ; അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ഇ) ചീഫ് സെക്രട്ടറിക്കെതിരെ ഉയർന്നുവന്ന ആരോപണങ്ങൾ സംബന്ധിച്ച് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; വിശദമാക്കാമോ ; ഏതെല്ലാം ആരോപണങ്ങൾ സംബന്ധിച്ചാണ് അന്വേഷണത്തിന് ഉത്തരവായിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly